LIBRARY ARCHIVES Kerala Legislative Assembly

കുഴൽക്കിണർ നിർമ്മാണം

153(658) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജകമണ്ഡലത്തിൽ നീണ്ടകര പഞ്ചായത്തിലെ രണ്ടാം വാർഡിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ (2019-20) നിന്നുള്ള തുക വിനിയോഗിച്ച് കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചവറ നിയോജകമണ്ഡലത്തിൽ നീണ്ടകര പഞ്ചായത്തിലെ രണ്ടാം വാർഡിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ (2019-20) നിന്നുള്ള തുക വിനിയോഗിച്ച് ഒരു ട്യൂബ് വെൽ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ട്യൂബ് വെൽ നിർമ്മാണം മൂന്നാം വാർഡിനുപകരം ഏഴാം വാർഡിലേയ്ക്ക് മാറ്റി സ്ഥാപിക്കണമെന്ന് 9-12-2019-ൽ ബഹുമാനപ്പെട്ട എം.എൽ.എ. അറിയിച്ചിരുന്നു. അതിൻപ്രകാരം ഏഴാം വാർഡിൽ നിർദ്ദേശിച്ച പ്രദേശത്ത് ഭൂജലപര്യവേക്ഷണം നടത്തുകയുണ്ടായി. ടി പ്രദേശം കുഴൽക്കിണർ നിർമ്മിക്കാൻ അനുയോജ്യമല്ലാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ സാധ്യമായിട്ടില്ല.

(ബി) പ്രസ്തുത കുഴൽക്കിണർ നിർമ്മാണം നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടോ; നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

7 - ാം വാർഡിൽ പുതിയ സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് ഭൂജല പര്യവേക്ഷണം നടത്തി പുതിയ ഭരണാനുമതി നൽകി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

റെഗുലേറ്ററുകളുടെ നവീകരണം

154(659) ശ്രീ. മുരളി പെരിനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾനിലങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി നിർമ്മിച്ച ഏനാമാക്കൽ, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ നവീകരണത്തിനായി തയ്യാറാക്കിയ പദ്ധതിയുടെ അടങ്കൽ തുക ഓരോന്നിനും എത്രയാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഏനാമാക്കൽ റെഗുലേറ്ററിന്റെ പുനരുദ്ധാരണത്തിനായി അടങ്കൽ തുക 751 ലക്ഷം രൂപയും ഇടിയഞ്ചിറ റെഗുലേറ്ററിന്റെ പുനരുദ്ധാരണത്തിനായി അടങ്കൽ തുക 446 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) ഇവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഏനാമാക്കൽ റെഗുലേറ്ററിന്റെ പുനരുദ്ധാരണത്തിനായി സിവിൽ പ്രവൃത്തികൾക്ക് 321 ലക്ഷം രൂപയും മെക്കാനിക്കൽ പ്രവൃത്തികൾക്കായി 430 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഇടിയഞ്ചിറ റെഗുലേറ്ററിന്റെ പുനരുദ്ധാരണത്തിനായി സിവിൽ പ്രവൃത്തികൾക്ക് 230 ലക്ഷം രൂപയും മെക്കാനിക്കൽ പ്രവൃത്തികൾക്ക് 216 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) ഇവയുടെ ടെണ്ടർ നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഏനാമാക്കൽ റെഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കായി (സിവിൽ പ്രവൃത്തിയും മെക്കാനിക്കൽ പ്രവൃത്തിയും ഉൾപ്പെടെ) PQ ടെണ്ടർ രണ്ട് തവണ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. മൂന്നാമത് PQ ടെണ്ടർ 4-5-2021-ൽ ക്ഷണിച്ചിട്ടുണ്ട്. ഇടിയഞ്ചിറ റെഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കായി സാങ്കേതികാനുമതി നൽകാനുള്ള Detailed Estimate തയ്യാറാക്കുന്നതിന് സൈറ്റ് ഇൻവെസ്റ്റിഗേഷൻ നടത്തി structure stability വിലയിരുത്തേണ്ടതുണ്ട്. എന്നാൽ ശക്തമായ വേലിയേറ്റവും ഷട്ടറിന്റെ ചോർച്ചയുംമൂലം ആയത് പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല, ടി വിഷയത്തിൽ ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി. തുടർനടപടി സ്വീകരിച്ച് വരുന്നു മേൽ വിഷയത്തിൽ വിദഗ്ധ ഉപദേശം ലഭ്യമാക്കുന്നതിന് ചീഫ് എഞ്ചിനീയർമാരുടെ ടെക്നിക്കൽ കമ്മിറ്റി ചേരുവാനും തീരുമാനമായിട്ടുണ്ട്.

(ഡി) റെഗുലേറ്ററുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ച് വരുന്നു.

കുട്ടനാട്ടിലെ 70 കോടി രൂപയുടെ കുടിവെള്ള പദ്ധതി

155(660) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ 70 കോടി രൂപ ചെലവിൽ നടപ്പാക്കിവരുന്ന കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിലെ കാലതാമസത്തിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ?